എൻ.എ.പി.എം. വാർത്തകൾ

# എ.ടി. ബാബു കർണ്ണാടകത്തിലെ പതിത ജനതയ്ക്കുവേണ്ടി രക്തസാക്ഷിയായി

**ഈസാ ബിൻ അബ്ദുൾ കരീം**



മദ്യവിരുദ്ധ സമര രംഗത്ത്, മൺമറഞ്ഞ പ്രൊഫ. എം.പി. മന്മഥൻ സാറിന്റെ കർണ്ണാടകപ്പതിപ്പെന്ന് വിശേഷിപ്പിക്കാവുന്ന എ.ടി. ബാബുവിനെ വിദേശമദ്യ ലോബികളുടെ ഗുണ്ടകൾ വെട്ടിക്കൊലപ്പെടുത്തി. മൂന്ന് പതിറ്റാണ്ടിലേറെ സമ്പൂർണ്ണ മദ്യനിരോധനം ലക്ഷ്യംവച്ച് നിരന്തര പ്രവർത്തനങ്ങൾ നടത്തിവന്ന ബാബു കർണ്ണാടക സംസ്ഥാന മദ്യനിരോധന സമിതി പ്രസിഡണ്ടും എൻ.എ.പി.എം. സംസ്ഥാന കൺവീനറുമായിരുന്നു.

മദ്യത്തിനെതിരെയുള്ള സമരം, കർണാടകത്തിലെ അദ്ധ്വാനിക്കുന്ന, പതിത ജനതയുടെ ജീവിത വിജയത്തിന് അനിവാര്യമാണെന്ന് കണ്ട് പ്രവർത്തന രംഗത്തിറങ്ങിയ ബാബുവിന്റേയും സഹപ്രവർത്തകരുടേയും നിശ്ചയദാർഢ്യത്തിന്റേയും സമരമുന്നേറ്റത്തിന്റേയും പ്രതിഫലനമായിരുന്നു. മദ്യനിരോധന സമരത്തോടൊപ്പം തന്നെ വ്യാജഷാപ്പുകൾക്കെതിരെ നടത്തിയ സമര-നിയമ മുന്നേറ്റങ്ങൾ മൂലം 3000-ൽപ്പരം വ്യാജഷാപ്പുകൾ അടച്ചുപൂട്ടുന്നതിന് ബാബുവിന്റെ നേതൃത്വം കാരണമായി. നിരന്തരമായ ആ പോരാട്ടത്തിനിടയ്ക്ക്, സ്വന്തം വീട്ടിനടുത്തുള്ള താൻ കൂടി സെക്രട്ടറിയായ അയ്യപ്പക്ഷേത്രമിരിയ്ക്കുന്ന പ്രകാശ് നഗറിലെ 'കുമാർ വൈൻസി'നെതിരെ നടത്തിയ നിയമയുദ്ധമാണ്, ബാബുവിന്റെ കിരാതമായ കൊലപാതകത്തിന് വഴിവച്ചത്. അയ്യപ്പക്ഷേത്രത്തിന്റെ ദൂരപരിധിയിൽനിന്നും 'കുമാർ വൈൻസ്' നീക്കം ചെയ്യാൻ എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇതിനിടെ ഉത്തരവിട്ടിരുന്നു. ലക്ഷങ്ങളുടെ വാഗ്ദാനവുമായി ബാബുവെ സമീപിച്ച ഉടമ കുമാരഗൗഡയും കൂട്ടാളികളും നിരാശരായി. ഈ നിരാശയാണ് രാഷ്ട്രീയ പിന്തുണയുള്ള കുമാരഗൗഡ കൊലപാതം ആസൂത്രണം ചെയ്യുന്നതിൽ കലാശിച്ചത്.

ജൂലൈ 21ന് മാണ്ഡ്യ ജില്ലയിൽ ജനകീയ പ്രസ്ഥാനങ്ങളുടെ ജില്ലാകമ്മിറ്റി രൂപീകരണത്തിന് എൻ.എ.പി.എം. ദേശീയ കൺവീനർ കൂടിയായ സിസ്റ്റർ സീലിയയോടും മറ്റു രണ്ടു സഹപ്രവർത്തകരോടും ഒപ്പം തന്റെ സഹചാരിയായ ഒമിനി വാനിൽ യാത്ര ചെയ്യുമ്പോഴാണ് ബാംഗ്ലൂർ പട്ടണത്തിൽനിന്നും കിലോമീറ്ററുകൾക്കലെ ദേശീയപാതയിൽവച്ച് വാൻ തടഞ്ഞുനിർത്തി, ഡ്രൈവിംഗ് സീറ്റിലിരുന്ന ബാബുവെ വെട്ടിക്കൊന്നത്. ഈ അക്രമത്തിനിടയിൽ വാവിട്ട് നിലവിളിച്ച് അരുതെന്നു കേണുപറഞ്ഞ സിസ്റ്റർ സീലിയ ഉൾപ്പടെയുള്ളവരെ ഗുണ്ടകൾ തള്ളിമാറ്റി. അക്രമത്തിന് ശേഷം മണിക്കൂറുകളോളം മൃതദേഹം മടിയിൽ വച്ച് സിസ്റ്റർ സീലിയയും മറ്റും കാറിനടുത്ത് റോഡരികിലിരുന്നു.

എന്നാൽ മദ്യലോബികളെ പിന്തുണക്കുന്ന പോലീസ്, ഭരണനേതൃത്വത്തിൽനിന്നും പെട്ടെന്നൊന്നും കുറ്റവാളികൾക്കെതിരെ യാതൊരു നടപടിയുമുണ്ടായില്ല. ജൂലൈ 24ന് ബാംഗ്ലൂരിൽ ആയിരക്കണക്കിന് മദ്യവിരുദ്ധ പ്രവർത്തകരുൾപ്പടെയുള്ളവർ പങ്കെടുത്ത എൻ.എ.പി.എം. ധർണ നടന്നു. സെക്രട്ടറിയേറ്റിനു വളരെയകലെയല്ലാതെ മഹാത്മാഗാന്ധി പ്രതിമയ്ക്കു മുന്നിൽ നടന്ന ധർണയ്ക്ക് സംസ്ഥാന കൺവീനർ കൂടിയായ സിസ്റ്റർ സീലിയ, ക്ലിഫ്ട്ടൺ തുടങ്ങിയവർ നേതൃത്വം നൽകി. കേരളത്തിൽനിന്നും കോ-ഓർഡിനേറ്റർ ജിയോ ജോസ്, ദേശീയ കൺവീനർ പി.ടി.എം. ഹുസൈൻ, എം.എൻ. ഗിരി, ഫാ. വർഗീസ്, ലേഖകൻ എന്നിവർ പങ്കെടുത്തു.

തുടർന്ന് ശ്രീമതി മേധാപട്ക്കറുടെ നേതൃത്വത്തിൽ ബാബുവിന്റെ മകൻ അഭിനയ് ഉൾപ്പടെയുള്ളവർ മുഖ്യമന്ത്രി യദിയൂരപ്പയെ സന്ദർശിച്ചു, നിവേദനം നൽകി. ആദ്യം കൊലപാതകത്തെപ്പറ്റി അജ്ഞത നടിച്ച മുഖ്യമന്ത്രി പിന്നീട് ഡിജിപിയെ വിളിയ്ക്കുകയും സംഭവവികാസങ്ങൾ ചർച്ച ചെയ്യുകയും ഒരാഴ്ചയ്ക്കുള്ളിൽ നടപടികളെടുക്കുമെന്ന് അറിയിക്കുകയും ചെയ്തു. കുടുംബത്തിന് സാമ്പത്തിക സഹായം നൽകുമെന്നും അറിയിച്ചു. (ഈ കുറിപ്പ് എഴുതുമ്പോൾ, 6 പ്രതികളെ പോലീസ് പിടികൂടിയിട്ടുള്ളതായി സിസ്റ്റർ സീലിയ ബാംഗ്ലൂരിൽനിന്നും അറിയിക്കുകയുണ്ടായി)

ധർണയിൽ പങ്കെടുത്ത ദേശീയ നേതാക്കളും വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും ബാംഗ്ലൂർ പ്രകാശ് നഗറിലെ ബാബുവിന്റെ വീട് സന്ദർശിച്ച്, കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുന്നതിന് ശ്രമിച്ചു. മകൻ അഭിനയിനെ കൂടാതെ മകൾ സൗമ്യയും ഭാര്യ സ്മിതയും ബാബുവിന്റെ സഹോദരിമാരും വീട്ടിലുണ്ടായിരുന്നു. ബാബുവിന്റെ കുടുംബത്തിൽ, മദ്യത്തിനെതിരായ ബാബുവിന്റെ പ്രവർത്തനങ്ങൾകൊണ്ട് ജീവൻ ബലി നൽകേണ്ടിവന്ന രണ്ടാമത്തെയാളാണ് ബാബുവെന്നത്, അപ്പോൾ മാത്രമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബാബുവിന്റെ മൂത്ത പുത്രി സൗജന്യ 6 വർഷം മുമ്പ് ആത്മഹത്യ ചെയ്തു. രാജാജി നഗറിലെ വിദേശമദ്യശാലക്കെതിരെ നടന്ന സമരത്തിന്റെ പേരിൽ കേസിൽ പ്രതി ചേർക്കപ്പെട്ട ബാബുവിനെ അറസ്റ്റുചെയ്യുവാനെത്തിയ പോലീസ്, ബാബുവിനെ പിടിപ്പിക്കുന്നതുകണ്ട് സമനില തെറ്റിയാണ് സീമന്തപുത്രി പിറ്റേന്ന് പുലർച്ചെ തൂങ്ങിമരിച്ചത്.


മകൾ സൗജന്യയുടെ മരണത്തിനുശേഷം ഇത്തരം സമരപോരാട്ടങ്ങളിൽ നിന്നും വിട്ടുനിൽക്കണമെന്ന് ബാബുവിനോട് പലരും ഉപദേശിച്ചു. മദ്യത്തിനെതിരെ പതിതർക്കുവേണ്ടിയുള്ള പോരാട്ടത്തിൽ മകളോടൊപ്പം താനും പോകുകതന്നെ വേണമെന്നായിരുന്നു ബാബുവിന്റെ മറുപടി.

കർണാടകത്തിലെ മാഫിയകൾക്കെതിരെ സമരം ചെയ്ത് വീരമൃത്യു വരിച്ച എ.ടി. ബാബുവിന് കേരള എൻ.എ.പി.എം.ന്റെ ആദരാഞ്ജലികൾ.

ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ പേജുകളിൽ ഉൾപ്പെടുത്തുന്നതിനായി ജനകീയ സമരങ്ങളുടെ വാർത്തകളും വിശേഷങ്ങളും താഴെ പറയുന്ന വിലാസത്തിൽ അയയ്ക്കുക.

എൻ.എ.പി.എം. പത്രാധിപസമിതിക്കുവേണ്ടി,
ജിയോ ജോസ്, എൻ.പി.ജോൺസൺ, എൽദോ
വിലാസം:
എജീസ് ഓഫീസ്, കലൂർ, കൊച്ചി-17

• സ്മരണ



## കാവ്യയുടെ വേർപാടിൽ ഞങ്ങൾ ദുഃഖിക്കുന്നു

ഡോ. സി.ആർ. രാജഗോപാലിന്റെയും (നാട്ടറിവ്) സി.ജയശ്രീടീച്ചറുടെയും (എരയാംകുടി സമരം) മകൾ കാവ്യ (19)യുടെ വേർപാടിൽ കേരളീയം സുഹൃത്തുക്കൾ ദുഃഖിക്കുന്നു. കാവ്യ വരച്ച ചിത്രം ഇതോടൊപ്പം.

### മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ

## കുറ്റവാളികൾക്ക് ആദരം, ഇരകൾക്ക് അവഹേളനം

കൊച്ചി : മനുഷ്യത്വരഹിതവും ക്രൂരവുമായ നടപടികളിലൂടെ പാവപ്പെട്ട മൂലമ്പിള്ളിക്കാരെ കണ്ണിൽ ചോരയില്ലാത്തവിധം സ്വഭവനങ്ങളിൽ നിന്നും നിർബന്ധിതമായി കുടിയിറക്കിയ സംഭവത്തിലെ പ്രതികളായ ഉദ്യോഗസ്ഥർക്ക് സർക്കാർ പാരിതോഷികവും ആദരവും നൽകി (ഭാഗ്യം, മുൻ ജില്ലാകളക്ടർ മുഹമ്മദ് ഹനീഷിന് സമ്മാനമില്ല!). ഒപ്പം തന്നെ നഷ്ടങ്ങൾ സഹിച്ചും പോരാടിയും ലഭിച്ച ഭാഗികമായ പുനരധിവാസ പാക്കേജ് മന്ത്രിമാർ കൈമാറി. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഇടതുസർക്കാർ പ്രബുദ്ധ കേരളത്തിൽ നടത്തിയ കുടിയൊഴിപ്പിക്കൽ ഭീകരത നമ്മൾ ടിവിയിൽ നേരിൽ കണ്ടതാണ്. മൂലമ്പിള്ളി കുടിയിറക്ക് ഇടതുപക്ഷത്തിന്റെ കാപട്യം തുറന്നുകാണിച്ചെങ്കിലും സെസ്സിനും വൻവ്യവസായങ്ങൾക്കും വേണ്ടി അവർ വീണ്ടും ഇത് തുടരുകയാണ്. വികസനത്തിന്റെ പേര് പറഞ്ഞ് വൻ നശീകരണ പരിപാടികൾ തുടങ്ങുമ്പോൾ കരുതിയിരിക്കുക, പോരാടുക എന്ന വഴിമാത്രമാണ് നമുക്ക് മുമ്പിലുള്ളത് എന്ന് ഈ കൊച്ചി പരിപാടി നമ്മെ ഓർമ്മപ്പെടുത്തുന്നു. ***ബന്ധങ്ങൾക്ക് : ഫ്രാൻസിസ് കളത്തുങ്കൽ, 9495430861.***

## തീരദേശപരിപാലന വിജ്ഞാപനം (CZM) 2008

വിജ്ഞാപനം കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചതിനെ തുടർന്ന് വ്യാപകമായ പ്രതിഷേധവും വിയോജിപ്പും മത്സ്യമേഖലയിൽ നിന്നും പൊതുരംഗത്തുനിന്നും ഉയർന്നുവന്നതിനാൽ സർക്കാർ ചർച്ചയ്ക്കും സംവാദത്തിനുമായി തയ്യാറായിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ സെന്റർ ഫോർ എൻവയോൺമെന്റ് എഡ്യുക്കേഷൻ തിരുവനന്തപുരം, കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചു. ഡോ. എം.എസ്. സ്വാമിനാഥൻ തയ്യാറാക്കിയ ഈ വിജ്ഞാപനം അത്യന്തം അപകടകരവും ദൂര വ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുന്നതുമായതിനാൽ ഇത് പൂർണ്ണമായും പിൻവലിക്കണമെന്നാണ് മത്സ്യമേഖലയിൽ നിന്നുമുള്ള പ്രവർത്തകരുടെ ആവശ്യം.

*ബന്ധങ്ങൾക്ക് : മാഗ്ലിൻ പീറ്റർ, തീരദേശ മഹിളാവേദി, 9495987879*

## ഗ്രീൻസ് ഭൗമവർഷാചരണം തിരുവനന്തപുരത്ത്

ഭൗമ വർഷാചരണത്തിന്റെ ഭാഗമായി നാം ജീവിക്കുന്ന ഭൂമി നേരിടുന്ന പ്രശ്നങ്ങളിൽ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് 2008 ആഗസ്റ്റ് 29 മുതൽ 31 വരെ തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ സെക്രട്ടേറിയറ്റിലെ പരിസ്ഥിതി സ്നേഹികളുടെ സംഘടനയായ ഗ്രീൻസിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നു.

കന്നിയമ്മ (പ്ലാച്ചിമട സമരപ്രവർത്തക) ഉദ്ഘാടനകർമ്മം നിർവ്വഹിക്കും. പ്രകൃതി ഫോട്ടോ പ്രദർശനം, ഗ്രീൻസ് ന്യൂസ് ലെറ്റർ പ്രകാശനം, സുഗതകുമാരി, ഡോ. എ.എസ്.കെ. നായർ, വിളയോടി വേണുഗോപാൽ തുടങ്ങിയവരുടെ പ്രഭാഷണങ്ങൾ, സി. റഹിമിന്റെ 'പക്ഷിമനിതൻ' (The Bird Man) കെ.എച്ച്. അമിതാബച്ചന്റെ The Fragail World of Great Indian Hornbills, മധുരാജിന്റെ വെള്ളക്കള്ളൻ സെൻസ്/പി.ജി.സെന്ററിന്റെ 163 MW- The Lost Picnic തുടങ്ങിയ വീഡിയോ ചിത്രങ്ങളുടെ പ്രദർശനം, 'ജൈവവൈവിദ്ധ്യ സംരക്ഷണം - പ്ലാച്ചിമടയും അതിരപ്പിള്ളിയും നൽകുന്ന പാഠങ്ങൾ' എന്ന വിഷയത്തിൽ ഡോ. വി.എസ്. വിജയൻ, മുത്തലക്ഷ്മി, എം. മോഹൻദാസ് എന്നിവർ പങ്കെടുക്കുന്ന ചർച്ച, 'ഓസോണും ഭൂമിയും' എന്ന വിഷയത്തിൽ സി.ജെ. മാത്യു അവതരിപ്പിക്കുന്ന സെമിനാർ, കേരളത്തിലെ പ്രമുഖ പരിസ്ഥിതി പ്രവർത്തകർ പങ്കെടുക്കുന്ന ചർച്ച തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ജലചൂഷണത്തിനെതിരെയുള്ള പ്ലാച്ചിമട കോളവിരുദ്ധ സമരസമിതിയുടെ പ്രവർത്തനങ്ങളെ ആദരിക്കുന്ന ചടങ്ങുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് : ***പി.ആർ. ശ്രീകുമാർ, സെക്രട്ടേറിയറ്റ് ഗ്രീൻസ്, തിരുവനന്തപുരം, 9447221429***